പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 332 — 11.06.2013-ൽ മറുപടിയ്ക്ക്

## തോട്ടപ്പള്ളിയിൽ കെ. എസ്. ഇ. ബി സബ് സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഇരുപത്തി അയ്യായിരത്തിലേറെ ഉപഭോക്താക്കളുള്ള തോട്ടപ്പള്ളി മേഖലയിൽ കെ. എസ്. ഇ. ബി യുടെ സേവനം വേണ്ടത്ര ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. അമ്പലപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻെറ പരിധിയിൽ വരുന്ന പുറക്കാട്, തൃക്കുന്നപ്പുഴ, തോട്ടപ്പള്ളി പ്രദേശങ്ങൾ ഉൾപ്പെടുത്തി. തോട്ടപ്പള്ളി കേന്ദ്രമാക്കി പുതിയ ഒരു സെക്ഷൻ ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചു വരുന്നു. |
| (ബി) | തോട്ടപ്പള്ളിയിൽ കെ. എസ്. ഇ. ബി സബ് സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) | തോട്ടപ്പള്ളി മേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഗുണമേന്മയുള്ള തടസ്സരഹിത വൈദ്യുതി ഉറപ്പാക്കുന്നതിന് തോട്ടപ്പള്ളിയിൽ നിന്നും മൂന്ന് കിലോമീറ്റർ മാത്രം അകലെയുള്ള കരുവാറ്റ 66 കെ. വി. സബ്സ്റ്റേഷനിലെ നിലവിലുണ്ടായിരുന്ന 6.3 എം. വി. എ ട്രാൻസ്ഫോർമറിൻെറ ശേഷി 10 എം. വി. എ ആക്കി വർദ്ധിപ്പിക്കുകയും അങ്ങനെ ആകെ സ്ഥാപിത ശേഷി 20 എം. വി. എ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ തോട്ടപ്പള്ളി ഭാഗത്തേക്ക് പുതുതായി പുന്തല 11 കെ. വി ഫീഡർ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ തോട്ടപ്പള്ളിയിൽ പുതിയ ഒരു സബ്സ്റ്റേഷൻെറ ആവശ്യകത ഇല്ല. |

സെക്ഷൻ ഓഫീസർ.